# <u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1. | അടിസ്ഥാന വിവരങ്ങൾ | 1 |
| 2. | ആമുഖം | 2 |
| 3. | വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് | |
| 4. | ലക്ഷ്യങ്ങൾ | 3-4 |
| 5. | പ്രവർത്തന പഥത്തിൽ കൈത്താങ്ങായവർ | 5 |
| 6. | ഞങ്ങളുടെ പ്രശ്നങ്ങളും പരിമിതികളും | 5-6 |
| 7. | പരിമിതി മറികടക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ | 7 |
| 8. | അക്കാദമികം | 7-9 |
| 9. | അക്കാദമിക് പ്രവർത്തനങ്ങൾ- | 10-21 |
| | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ, സയൻസ്, മാത്സ് | |
| 10. | കലാവിദ്യാഭ്യാസം | 22 |
| 11. | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | 23-24 |
| 12 | ആരോഗ്യ കായിക വിദ്യാഭ്യാസം | 25 |
| | വ്യക്തിത്വ വികസനം | 26 |
| 13. | വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം<br>• പരിസ്ഥിതി ക്ലബ്ബ്<br>• വിമുക്തി ക്ലബ്ബ്<br>• ശുചിത്വ ക്ലബ്ബ്<br>• ഐ.ടി ക്ലബ്ബ്<br>• ലിറ്റിൽ കൈറ്റ്സ് | 27-29 |
| 14. | സന്നദ്ധ സംഘടനകളുടെ പ്രവർത്തനം<br>• NCC<br>• Scount and Guides<br>• റെഡ് ക്രോസ്സ് | 30-33 |
| 15. | ജനകീയ സമിതികൾ<br>• ജനജാഗ്രതാസമിതി<br>• സ്കൂൾ സുരക്ഷാസമിതി<br>• പരാതി പരിഹാരസെൽ | 34-35 |
| 16. | ഉപസംഹാരം | 35 |
| 17. | അനുബന്ധം | 36-37 |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് കോർണേലിയൂസ് ഹയർ സെക്കന്ററി സ്കൂൾ കോളയാട് |
| വിലാസം | : | പി.ഒ. കോളയാട്, കണ്ണൂർ – 670650 |
| ഫോൺ | : | 0490 2302410 (എച്ച്.എസ്.) |
| | | 0490 2302302 (എച്ച്.എസ്.എസ്) |
| സ്കൂൾ കോഡ് | : | 14024 (എച്ച്.എസ്.) |
| | : | 13145 (എച്ച്.എസ്.എസ്) |
| ഉപജില്ല | : | കൂത്തുപറമ്പ് |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി.ആർ.സി | : | കൂത്തുപറമ്പ് |
| ഗ്രാമപഞ്ചായത്ത് | : | കോളയാട് |
| ബ്ലോക്ക് | : | പേരാവൂർ |
| ജില്ല | : | കണ്ണൂർ (ഡിവിഷൻ) |
| നിയമസഭ മണ്ഡലം | : | മട്ടന്നൂർ |
| ലോകസഭ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | തലശ്ശേരി |
| വില്ലേജ് | : | കോളയാട് |
| ഇ.മെയിൽ | : | schskolayad@gmail.com |

# ആമുഖം

വീരപഴശ്ശിയുടെ കാൽപാടുകൾ പതിഞ്ഞ കണ്ണവം വനമേഖല അതിരിടുന്നതും മലബാറിലെ ആദ്യ കുടിയേറ്റ പ്രദേശങ്ങളിലൊന്നുമായ കോളയാട് ഗ്രാമപഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറി സ്കൂളാണ് സെന്റ് കൊർണേലിയൂസ് ഹയർ സെക്കണ്ടറി സ്കൂൾ. 1968 ൽ റവ. ഫാദർ മൈക്കിൾ കളത്തിൽ ഒസിഡിയുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഈ വിദ്യാലയം പ്രവർത്തനപാതയിൽ 58 വർഷം പിന്നിടുകയാണ്. മികച്ച അക്കാദമിക ഭൗതിക സാഹചര്യങ്ങളൊരുക്കി നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള കർമ്മപദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി ആവിഷ്ക്കരിച്ചുകൊണ്ട് അക്കാദമിക് രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

കലാകായിക ശാസ്ത്ര മേളകളിൽ സംസ്ഥാന ദേശീയ തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയിൽ എഴുതിയ എല്ലാ കുട്ടികളും ഉപരിപഠനത്തിന് അർഹരാക്കി. 29 കുട്ടികൾ $A^+$ ന് അർഹരായി. കൂടുതൽ മികവാർന്ന നേട്ടങ്ങൾ കൈവരിക്കാൻ കൂട്ടായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി പോരുന്നു.

അക്കാദമിക നിലവാരം നിലനിർത്തിക്കൊണ്ട് കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതരപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ. സ്കൂൾ രൂപം കൊടുത്ത വികസന പ്രവർത്തനങ്ങൾ സാക്ഷാത്ക്കരിക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കാം.

## ലക്ഷ്യങ്ങൾ

സ്കൂളിന്റെ ഭൗതികവും, സാമൂഹികവുമായ പരിമിതികളെ ഫലപ്രദമായി മറികടക്കുന്നതിനുപകരിക്കുന്ന അനുയോജ്യമായ ഹ്രസ്വ, ദീർഘകാല പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക വഴി ഈ വിദ്യാലയത്തെ മികവുറ്റ സ്ഥാപനമാക്കി വളർത്തിയെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

- മത നിരപേക്ഷ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനശേഷികൾ ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗത്തിലെ മുഴുവൻ വിദ്യാർത്ഥികളും നേടിയെടുത്തു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകൾ അനായാസേന സംസാരിക്കാനും, എഴുതുവാനും വായിക്കാനുമുള്ള കഴിവുകൾ കൈവരിക്കുക.
- കുട്ടികൾക്ക് അന്താരാഷ്ട്ര നിലവാരത്തിൽ പഠനം നടത്താനുള്ള പഠനോപകരണങ്ങൾ സാധ്യമാക്കുക.
- വിദ്യാർത്ഥികളുടെ സർഗ്ഗപരവും, അക്കാദമികപരവും, കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക. അവരെ ഈ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്ന പൗരന്മാരായി വളർത്തുക.
- ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അതാതു ക്ലാസിനനുസരിച്ച് ആശയദൃഢതയും, അഭിരുചിയും ഉള്ളവരാക്കി എടുക്കുക. വിവര വിനിമയ സാങ്കേതിക വിദ്യയിലെ അടിസ്ഥാന ധാരണകൾക്കൊപ്പം അവയുടെ ഫലപ്രദമായ ഉപയോഗവും കുട്ടികൾ സ്വാംശീകരിച്ചു എന്നു ഉറപ്പുവരുത്തുക.
- ജൈവ കൃഷിയിലൂടെ കുട്ടികളിൽ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക. മാലിന്യ നിർമാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വഴി ലഹരി വിരുദ്ധ സമൂഹം രൂപപ്പെടുത്തുക.

- വായനാശീലം പ്രോത്സാഹിപ്പിക്കുക വഴി, സാമൂഹ്യബോധവും, സംസ്ക്കാരവും സാഹിത്യ അഭിരുചികളും വളർത്താൻ സഹായിക്കുക.
- വിദ്യാർത്ഥികളെ മൂല്യബോധവും, നന്മയും അച്ചടക്കവും ഉള്ളവരായി വളർത്തുക.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത വിദ്യാലയം സൃഷ്ടിക്കുക.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- വിദ്യാർത്ഥികളെ അവരുടെ മൗലിക അവകാശങ്ങളെ കുറിച്ചും, നിയമ വ്യവസ്ഥകളെ കുറിച്ചും ബോധവാന്മാരാക്കുക.
- മൗലിക അവകാശങ്ങളെ കുറിച്ചും, നിയമ വ്യവസ്ഥകളെ കുറിച്ചും ബോധവാന്മാരാക്കുക.
- നവ മാധ്യമങ്ങളുടെ ഉപയോഗം ഫലപ്രദവും, വിജ്ഞാനപ്രദവുമാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ വിദ്യാർത്ഥികളെ സഹായിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടിവരിക.
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക.
- മതേതരത്വം, മാനവികത, നേതൃത്വശേഷി, തിന്മകളോടും, വിവേചനങ്ങളോടുമുള്ള നിലപാടുകൾ എന്നീ അടിസ്ഥാന ആശയങ്ങൾ വളർത്തുന്ന ഒരു പരിശീലനക്കളരിയാക്കി വിദ്യാലയത്തെ മാറ്റിയെടുക്കുക.
- ലൈബ്രറിയും, ലബോറട്ടറിയും ആധുനികവത്ക്കരിച്ച് കുട്ടിക്ക് സ്വയം പഠനശേഷിയും, അന്വേഷണ പരതയും വർദ്ധിപ്പിക്കുക.
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കുവെയ്ക്കുക.
- പൂർവ്വ വിദ്യാർത്ഥികളെയും മറ്റ് പൊതു വിദ്യാഭ്യാസ തത്പരരേയും സ്കൂൾ വികസന പ്രവർത്തനങ്ങൾ പങ്കുചേർക്കുക.
- പൊതു സമൂഹത്തിന്റെ പിന്തുണ വിദ്യാലയത്തിനും വിദ്യാലയത്തിന്റെ പിന്തുണ പൊതു സമൂഹത്തിനും ഉറപ്പാക്കുക.

## പ്രവർത്തനപഥത്തിൽ കൈത്താങ്ങായവർ - സഹായിച്ചവർ

ഞങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിൽ കൈത്താങ്ങായി പ്രവർത്തിച്ചവർ ഏറെയാണ്. ബഹു.എം.പി.മാർ, എം.എൽ.എ.മാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മാനേജ്മെന്റ്, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ IT@school, SSA , വേൾഡ് വിഷൻ പ്രവർത്തകർ, ഇവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം ഇനിയും പൂർത്തിയാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി വിദ്യാലയമായ ഇവിടുത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടേണ്ടത് ഈ പ്രദേശത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിന് അത്യാവശ്യമാണ്.

## ഞങ്ങളുടെ പ്രശ്നങ്ങളും പരിമിതികളും

**ഭൗതിക പരിമിതികൾ**

1. കമ്പ്യൂട്ടർ ലാബ്, അനുബന്ധ ഉപകരണങ്ങൾ: ഹൈസ്ക്കൂൾ വിഭാഗത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ലാബിൽ പരിമിതമായ സ്ഥലസൗകര്യമേയുള്ളൂ. വിദ്യാർത്ഥികളിൽ ഉത്സാഹവും ജ്ഞാന തൃഷ്ണയും വളർത്തുവാൻ ഉതരുന്ന പഠനോപകരണങ്ങളായി കമ്പ്യൂട്ടർ സാങ്കേതികവിദ്യ മാറുന്ന യുഗത്തിൽ കൂടുതൽ സ്ഥലസൗകര്യമുള്ള ഒരു കമ്പ്യൂട്ടർ ലാബ്, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ്, ഫർണിച്ചറുകൾ എന്നിവ അത്യന്താപേക്ഷിതമാണ്. LCD Projector, ശബ്ദ സംവിധാനം അടക്കമുള്ള മൾട്ടിമീഡിയ സെമിനാർ ഹാൾ ഇല്ലാത്തതും പരിമിതികളിൽ പ്രധാനമാണ്.
2. ശാസ്ത്ര ലാബ്: ശാസ്ത്ര പഠനം പ്രായോഗിക തലത്തിൽ അർത്ഥവത്താക്കാനുതകുന്നതിന് ശാസ്ത്ര ലാബുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. നിലവിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ വളരെ പരിമിതമായ ലാബ് സൗകര്യമേ ഞങ്ങൾക്കുള്ളൂ. ആവശ്യമായ സ്ഥലസൗകര്യവും ഫർണിച്ചറും മറ്റ് അനുബന്ധ സാമഗ്രികളും ഒരുക്കി ഓരോ കുട്ടിക്കും ശാസ്ത്ര പരീക്ഷണങ്ങൾ നടത്താനുള്ള രീതിയിൽ ശാസ്ത്ര ലാബിനെ നവീകരിക്കേണ്ടതുണ്ട്.
3. ലൈബ്രറി: ഹൈസ്ക്കൂൾ ലൈബ്രറിയിൽ അയ്യായിരത്തിലധികം പുസ്തകങ്ങൾ ഉണ്ടെങ്കിലും സ്ഥലപരിമിതി ഒരു പ്രശ്നമാണ്. കുട്ടികൾക്ക് സ്വതന്ത്രമായി ഇരുന്നു വായിക്കാനും, കുറിപ്പുകൾ തയ്യാറാക്കുവാനും

ഇതുമൂലം സാധിക്കുന്നില്ല. പുസ്തകശേഖരം വർദ്ധിപ്പിക്കുന്നതോടൊപ്പം ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും ഒരുക്കേണ്ടതാണ്. ഒപ്പം വായ നയെ പ്രോത്സാഹിപ്പക്കുന്നതിനായി റീഡിംഗ് റൂം- ഡിജിറ്റൽ ലൈബ്രറി എന്നിവയും പ്രത്യേകമായി സജ്ജമാക്കാം. സ്വയം പഠനത്തിലൂന്നിയ പ്രവർത്തനങ്ങൾക്കും തുടർമൂല്യനിർണ്ണയ ഉപാധികളുടെ ഫലപ്രദമായ അവതരണത്തിനും ലൈബ്രറി നവീകരണം ആവശ്യമാണ്.

4. ഭക്ഷണശാല: പരിമിതമായ സൗകര്യമുള്ള അടുക്കളയുണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് ഇരുന്ന് ഉച്ചഭക്ഷണം കഴിക്കാനുള്ള സ്ഥലസൗകര്യമില്ല.
5. ശൗചാലയം: വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മൂത്രപ്പുരകളും കക്കൂസുകളും ഉണ്ടെങ്കിലും ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സൗകര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തണം.
6. വേനലിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. മഴവെള്ള സംഭരണി, മഴക്കൊയ്ത്ത് നടത്താൻ മഴക്കുഴി എന്നിവ നിലവിലുണ്ട്. ഇതിന്റെ സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.
7. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും പവലിയനോടു കൂടിയ സ്റ്റേഡിയം സ്ക്കൂളിന്റെ സ്വപ്നമാണ്. ബാസ്ക്കറ്റ് ബോൾ, ബാറ്റ് മിന്റൺ എന്നിവയ്ക്ക് പ്രത്യേക കോർട്ട് ഇല്ലാത്തത് ഒരു പോരായ്മയാണ്.
8. ഓഫീസ് റൂം - കാലോചിതമായി പരിഷ്കരിക്കണം - മികച്ച സ്ഥലസൗകര്യവും ആവശ്യത്തിനും ഫർണ്ണിച്ചറുകളും ഒരുക്കി വിപുലപ്പെടുത്തേണ്ടതാണ്.
9. ഊർജ്ജ സംരക്ഷണം: ക്ലാസ് റൂമുകൾക്ക് ഹൈടെക് സംവിധാനത്തിലേക്ക് മാറുന്നതിലൂടെ വൈദ്യുത ഉപയോഗം വർദ്ധിക്കാനിടയുണ്ട്. സോളാർ പാനലുകൾ സ്ഥാപിച്ച് ഇതിന് പരിഹാരം കാണേണ്ടതാണ്.
10. പൂന്തോട്ടം, കാമ്പസ് ഹരിതവത്ക്കരണപദ്ധതിയുടെ തുടർച്ച, ജൈവവൈവിധ്യ പാർക്ക് - നവീകരണം എന്നിവ പൂർത്തിയാക്കണം.
11. ഓപ്പൺ ഓഡിറ്റോറിയം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## അക്കാദമിക പരിമിതികൾ

മികച്ച അക്കാദമിക നിലവാരം പുലർത്തിവരുന്നുണ്ടെങ്കിലും അക്കാദമിക തലത്തിൽ ഗുണമേന്മ വർദ്ധിപ്പിക്കേണ്ട പ്രവർത്തനത്തിന് പ്രഥമ പരിഗണന നൽകേണ്ടതാണ്. പഠനത്തോട് വിമുഖത കാണിക്കുന്നതും അക്ഷരജ്ഞാനമില്ലാത്തതുമായ ഏതാനും വിദ്യാർത്ഥികൾക്ക് മുന്തിയ പരിഗണന നൽകണം. ഇംഗ്ലീഷ്, ഗണിതം, വിഷയങ്ങളിലെ പിന്നോക്കാവസ്ഥയും പരിഹരിക്കേണ്ടതാണ്.

## പരിമിതികൾ മറികടക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

**ഭൗതികം**

സ്കൂളിന്റെ ഭൗതികാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ബഹു. എം.പി.മാർ, എം.എൽ.എ മാർ എന്നിവരുടെ പ്രാദേശിക വികസനനിധിയിൽ നിന്ന് അനുവദിച്ചു കിട്ടുന്ന ഫണ്ട്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, മാനേജ്മെന്റ്, പി.ടി.എ, അദ്ധ്യാപക അനദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ മറ്റ് അഭ്യുദയകാംക്ഷികളിൽ എന്നിവരിൽ നിന്നു ലഭിക്കുന്ന സഹായം എന്നിവ ഉപയോഗപ്പെടുത്തി സ്ക്കൂൾ വികസന സമിതിയുടെ ക്രിയാത്മകമായ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തണം - ദീർഘവീക്ഷണത്തോടുകൂടിയ മികച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൽ നടത്തേണ്ടതാണ്. നൂതനവും, സുതാര്യവും ക്രിയാത്മകവുമായ ഫണ്ട് സമാഹരണ പദ്ധതികൾ പി.ടി.എ യുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കണം.

## അക്കാദമികം

**അക്കാദമിക പിൻതുണ സംവിധാനം**

1. ക്ലാസ്സ് റൂം പ്രവർത്തനം കാര്യക്ഷമമാക്കുക.
2. പാഠഭാഗത്തിന്റെ കൃത്യമായ ആസൂത്രണവും, വിനിമയവും
3. സമയബന്ധിതമായി പാഠഭാഗങ്ങളുടെ വിനിമയം പൂർത്തിയാക്കുക.
4. ക്ലാസ് മോണിറ്ററിംഗ് ഫലപ്രദമാക്കുക. എസ്.ആർ.ജി.യിലെ ആരോഗ്യകരമായ ചർച്ച- മെച്ചപ്പെടുത്തൽ.

## അദ്ധ്യാപക ശാക്തീകരണം

1. പുതുക്കിയ പാഠ്യപദ്ധതി ക്ലാസ്സ്റൂമുകളിൽ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായിക്കുന്ന പരിശീലനങ്ങളിൽ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുക. പരിശീലനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.
2. സ്കൂൾ തലത്തിൽ അധ്യാപകർക്കായി ശില്പശാലകൾ, മനഃശാസ്ത്ര പഠനക്ലാസ്സ് എന്നിവ പി.ടി.എ യുടെ സഹകരണത്തോടെ സംഘടിപ്പിക്കുക.
3. ഐ.ടി അനുബന്ധ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും, ഇന്റർനെറ്റ്, വിവിധ സോഫ്റ്റ് വെയറുകൾ എന്നിവ പരിചയപ്പെടുത്തുന്നതിനും സഹായിക്കുന്ന പരിശീലനങ്ങൾ എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുക.

## പഠനനേട്ടം ഉറപ്പാക്കൽ

- ❖ പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രിതമായ പഠനപ്രക്രിയ പിൻതുടരുക
- ❖ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കുക.
- ❖ മലയാളത്തോടൊപ്പം ഇംഗ്ലീഷിലും, ഹിന്ദിയിലും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പഠിതാക്കൾക്ക് സാധിക്കുക, അനുയോജ്യമായ മൂല്യനിർണ്ണയ ഉപാധികളുടെ സമയബന്ധിതവും ഫലപ്രദവുമായ നടത്തിപ്പ്.
- ❖ ശാസ്ത്രം, ഭാഷ എന്നിവയിൽ താത്പര്യം ഉയർത്തുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ (ശാസ്ത്ര പ്രദർശനം, സാഹിത്യ ചർച്ചകൾ, പുസ്തക പ്രദർശനം, ക്വിസ് മൽസരങ്ങൾ മുതലായവ
- ❖ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ ശ്രദ്ധയും പരിചരണവും നൽകുക.
- ❖ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ഉന്നതപഠന സാധ്യതകൾ പരിചയപ്പെടുത്തലും അവരെ സംസ്ഥാന ദേശീയ പ്രവേശന പരീക്ഷകളിൽ സജ്ജരാക്കലും.
- ❖ അഭിരുചി പരീക്ഷ, മാതൃക എൻട്രൻസ് പരീക്ഷകൾ എന്നിവ സംഘടിപ്പിക്കുക.

**<u>ആരോഗ്യ കായിക വിദ്യാഭ്യാസം</u>**

- ❖ കൃത്യമായ ടൈംടേബിൾ അനുസരിച്ചുള്ള വ്യായാമം, കളികൾ എന്നിവ നടത്തുക.
- ❖ ശുചിത്വം, പ്രഥമ ശ്രുശ്രൂഷ എന്നിവയെ കുറിച്ചുള്ള അറിവുകൾ നൽകുക.
- ❖ കായിക മത്സരങ്ങളുടെ സംഘാടനം, മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ ക്ലാസ്സുകൾ, പ്രാദേശിക കായിക വിദഗ്ദരുടെ സേവനം എന്നിവ നടപ്പിലാക്കുക.

**<u>ക്ലബ്ബ് പ്രവർത്തനങ്ങൾ</u>**

- ❖ പരിസ്ഥിതി, ഹെൽത്ത്, ഊർജ്ജസംരക്ഷണം, സയൻസ് ഇക്കോ ക്ലബ്ബ് സോഷ്യൽ സയൻസ്, ഗണിത ശാസ്ത്രം, ഹിന്ദി, വിദ്യാരംഗം, വിമുക്തി ക്ലബ്ബ്, ശുചിത്വ ക്ലബ്ബ്, ഗ്രീൻ ഗാർഡ്സ് എന്നിവ പ്രവർത്തിക്കുന്നു.

# അക്കാദമിക് പ്രവർത്തനങ്ങൾ

## മലയാളം – ഭാഷാശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം | മലയാളം അധ്യാപകർ |
| എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | • ക്ലാസ് ലൈബ്രറി നവീകരിക്കുക<br>• വായനോത്സവം<br>• പത്രവായന<br>• റീഡിംങ്ങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ<br>• ക്ലാസ് നിലവാരത്തിന് അനുസരിച്ച് പുസ്തകം ലഭ്യമാക്കൽ | ആവശ്യം അനുസരിച്ച്<br>6 മാസം | മലയാളം അധ്യാപകർ |
| പത്രവായന പരിപോഷിപ്പിക്കുക. | • പത്രവായന – പരമാവധി പത്രം സ്പോർണസർഷിപ്പിലൂടെ ലഭ്യമാക്കൽ – ഓരോ ക്ലാസ്സിനും ഓരോ പത്രം<br>• രാവിലെ പ്രധാനവാർത്തകളുടെ അവതരണം<br>• വായനാനുഭവം പങ്കുവയ്ക്കൽ, സാഹിത്യ ക്വിസ് രചന, ശില്പശാല, കവിത, കഥ, കവിതാലാപനം ക്ലാസ് തലത്തിലും | ദിവസേന<br>ദിവസേന<br>മാസത്തചന്റ 1 തവണ | വിദ്യാരംഗം ഇൻചാർജ്ജ്<br>മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | സ്കൂൾ തലത്തിലും പത്രം, പുസ്തകാസ്വാദനം, ഇ-വായന<br>• അമ്മമാർക്കൊരു പുസ്തകം | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം |
| വിവിധ ശേഷി വികസനം | • ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പക്കൽ | ജൂൺ-മാർച്ച് | വിദ്യാരംഗം |
| | • ഉള്ളൂർദിനം | ജൂൺ -15 | |
| | • ചങ്ങമ്പുഴ ദിനം | ജൂൺ-17 | |
| | • വായന ദിനം | ജൂൺ 19 | |
| | • ബഷീർ ദിനം | ജൂലൈ 5 | വിദ്യാരംഗം |
| | • ലോക സാക്ഷരത ദിനം | സെപ്തംബർ 8 | |
| | • കർഷക ദിനം - ചിങ്ങം 1 | സെപ്തംബർ26 | വിദ്യാരംഗം |
| | • ലോക വയോജന ദിനം | ഒക്ടോബർ 1 | |
| | • കേരളപ്പിറവി | നവംബർ 1 | മലയാളം അധ്യാപകർ |
| | • വൈലോപ്പിള്ളി ചരമദിനം | ഡിസംബർ 22 | |
| | • ലൈബ്രറി ദിനം | ജനുവരി 11 | |
| | • മാതൃഭാഷ ദിനം | ഫെബ്രുവരി 21 | വിദ്യാരംഗം |

## ENGLISH – HOW TO IMPROVE LANGUAGE

| Objective | Activities | Duration | Responsibility |
|---|---|---|---|
| To uplift the backward students | • To ensure the alphabets<br>• Construction of words and sentences<br>• Copy writing | 3 months<br><br><br>Daily | English Teachers |
| To read fluently | • Reading story books<br>• Class room reading<br>• New paper reading | Months<br>Daily<br>Daily | Club Members |
| To know the grammer | • To make them aware of parts of speech<br>• Regular and Irregular verbs | 2 months | English Teachers |
| To improve handwriting | • Copy writing<br>• Hand writing competition | Daily | Club Members |
| To empower creativity | • Class assembly in English<br>• Quiz competition<br>• Recitation<br>• Poem Writing<br>• Story and essay writing | One in a week<br><br><br>Once in a month | English Teacher and club members |
| | • World Environment Day<br>• Poster making competition | | |
| | | | |

| To empower Multi skills | |
|---|---|
| June 5 | • World Environment Day<br>• Poster Making<br>• Plant Seedling |
| June 19 | • Reading Day<br>• Reading Competition (Class room) |
| July 12 | • Neruda Day<br>• Recitation Competition |
| August 4 | • P.B. Shelly Day<br>• Profile Presentation – P.B Shelly<br>• Recitation – His famous poem. |
| August 7 | • Tagore Day<br>• National Anthem Recitation Competition<br>• Recitation (Solo) |
| September 5 | • Teacher's Day<br>• Honouring Teachers<br>• Speech<br>• Profile Presentation – Dr. S. Radhakrishnan |
| October 15 | • Kalam Day – APJ Abdul Kalam's Birth Day.<br>• Profile Presentation – APJ Abdulkalam<br>• Presentation – Kalam's Quotes |
| November 13 | • Stevenson Day – Robert Louis Stevenson<br>• Recitation<br>• Profile Presentation<br>• Spelling Bee (Competition) |
| December 10 | • Emily Dickinson Day<br>• Profile Presentation<br>• English Quiz |
| January 28 | • W.B Yeats Day<br>• Story Writing Competition |
| February 7 | • Charles Dickens Day<br>• Profile Presentation<br>• Presentation -5 interesting things about his family |
| March 6 | • Gabriel Garcia Marquez<br>• Introductions – His works and Techniques |

**ഹിന്ദി – ഭാഷാശേഷിവികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പാക്കുക | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യനിർമ്മാണം<br>ഭാഷാപരമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം | ഹിന്ദി ടീച്ചർ |
| ഹിന്ദി സാഹിത്യകൃതി പരിചയപ്പെടുത്തൽ | ഹിന്ദിയിലുള്ള ചെറുപുസ്ക ങ്ങൾ എത്തിച്ചു വായനയെ പ്രോത്സാഹിപ്പിക്കുക, സാഹിത്യ ക്വിസ് നടത്തുക.<br>സാഹിത്യകാരന്മാരുടെ ജീവിത ക്കുറിപ്പ് തയ്യാറാക്കൽ | ആവശ്യം അനു സരിച്ച് | ഹിന്ദി ടീച്ചർ |
| സർഗ്ഗശേഷി വികസനം<br>ഹിന്ദി പ്രസംഗം<br>കവിതാലാപനം<br>പരിപോഷിപ്പിക്കൽ | ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വല മാക്കുക.<br>ആഴ്ചയിൽ ഒരു ദിവസം ഹിന്ദി യിൽ അസംബ്ലി നടത്തുക.<br>കവിതാലാപനം പ്രസംഗം ക്ലാസ് തലത്തിലും സ്കൂൾ തല ത്തിലും<br>• വായനാദിനം<br>• പ്രേം ചന്ദ് ദിവസ്<br>• ഹിന്ദി ദിവസ്<br>• സ്വതന്ത്രത ദിവസ് | ദിനാചരണ ങ്ങൾക്കനുസ രിച്ച്<br>ജൂൺ 19<br>ജൂലൈ 31<br>സെപ്തംബർ 14<br>ഓഗസ്ത് 15 | ഹിന്ദി ക്ലബ്ബ് |
| വിവിധ ശേഷി വിക സനം | കൈയെഴുത്തു മാസിക നിർമാണം, ദിനാചരണങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളിച്ചു കൊണ്ട് | ദിനാചരണ ങ്ങൾക്കനുസ രിച്ച് | ഹിന്ദി ക്ലബ്ബ് |

## സോഷ്യൽ സയൻസ് – ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | |
| **സാമൂഹ്യ ശാസ്ത്ര ബുള്ളറ്റിൻ ബോർഡ്** | | | |
| സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ എസ്.എസ്. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും | |
| **സംവാദം സെമിനാർ** | | | |
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | |

**പഠന യാത്രകൾ**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയ ങ്ങൾ, ചുമർ ചിത്രങ്ങൾ ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ. | സാമൂഹ്യപ്രാധാന്യമുള്ള സ്ഥല ങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നട ത്തുന്ന പഠനയാത്രകൾ | | |
| **ദേശീയത വളർത്തൽ** | | | |
| ദേശീയ നേതാക്കളുടെ ജന്മ ദിനങ്ങൾ, ദേശീയ പ്രാധാ ന്യമുള്ള ദിവസങ്ങൾ, സംഭ വങ്ങൾ എന്നിവയെക്കുറിച്ച് ധാരണ നേടൽ | ദേശീയ പ്രാധാന്യമുള്ള ദിവസ ങ്ങൾ , ജന്മദിനങ്ങൾ, സംഭവ ങ്ങൾ എന്നിവ ആചരിക്കൽ, ക്വിസ് മത്സരം, പ്രസംഗം, സെമിനാർ, ചിത്രപ്രദർശനം, ഉപന്യാസ രചന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കൽ ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനവുമായി സംഘടിപ്പിക്കൽ | | |
| **ദിനാചരണങ്ങൾ** | | | |
| ജൂൺ 8 | ലോക സമുദ്രദിനം | | |
| ജൂലൈ 11 | ജനസംഖ്യാ ദിനം, പ്രസംഗം | | |
| ആഗസ്ത് 15 | സ്വാതന്ത്ര്യദിനത്തോടനുബ ന്ധിച്ച് ക്വിസ് മത്സരം | | |
| സെപ്തംബർ 15 | അന്താരാഷ്ട്ര ജനാധിപത്യ ദിനം | | |
| ഒക്ടോബർ 2 | ഗാന്ധിജയന്തി ദിനം | | |
| ഡിസംബർ 10 | ലോക മനുഷ്യാവകാശ ദിനം | | |
| ജനുവരി 26 | റിപ്പബ്ലിക് ദിനം | | |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ പരിസരത്തെ ഔഷധ തോട്ടം വിപുലപ്പെടുത്തൽ | ഔഷധസസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധ തോട്ടം വിപുലപ്പെടുത്തുന്നു | 6 മാസം | സയൻസ് ക്ലബ്ബ് |
| ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | വിദ്യാലയപരിസരത്തെ വൈവിധ്യ ശോഷണം തടയുക എന്ന ആശയം പ്രാവർത്തികമാക്കാൻ ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തുക. | 8 മാസം<br>എല്ലാ ദിവസവും | സയൻസ് ടീച്ചർ, കുട്ടികൾ |
| നാട്ടുമാവ് സംരക്ഷണം | സ്കൂൾ പരിസരത്തെ നാട്ടുമാവുകൾക്ക് പൂർണ്ണ സംരക്ഷണം ഒരുക്കൽ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് |
| കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കുന്നു. പരീക്ഷണങ്ങൾ വിദ്യാർത്ഥികൾക്കു മുന്നിൽ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ടീച്ചർ |
| പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകരുടെ സഹായത്താൽ കുട്ടികളെ പിയർ ഗ്രൂപ്പുകളാക്കി പരിശീലനം നൽകുന്നു. | 6 മാസം | സയൻസ് ടീച്ചർ |

| | | | |
|---|---|---|---|
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പ്രയോജനപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സഘടുപ്പിക്കൽ ചോദ്യ ശേഖരണം തയ്യാറാക്കൽ | 5 മാസം | സയൻസ് ക്ലബ്ബ്, കുട്ടികൾ |
| മോഡൽ നിർമ്മാണം | ജീവശാസ്ത്രത്തിലെ പാഠ ഭാഗവുമായി ബന്ധപ്പെട്ട് മോഡൽ നിർമ്മാണം | ജനുവരി മുതൽ | കുട്ടികൾ |
| ശാസ്ത്രലാബ് നവീകരണം | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ഫെബ്രുവരി വരെ | സയൻസ് ടീച്ചർ |
| ശാസ്ത്രമേളയിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | വർക്കിംഗ് മോഡൽ സ്റ്റീൽ മോഡൽ സിമ്പിൾ എക്സ്പെരിമെന്റ് ഇംപ്രൊവൈസ്ഡ് എക്സപെരിമെന്റ് എന്നീ വിഭാഗങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുന്നു. | ആദ്യത്തെ മൂന്നുമാസം | സയൻസ് ക്ലബ്ബ് |

**ദിനാചരണങ്ങൾ**

| | |
|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം |
| ജൂൺ 26 | ലോക ലഹരിവിരുദ്ധദിനം<br>→ പ്രതിജ്ഞ കുട്ടികൾ എഴുതി വന്ന് ചങ്ങലതീർക്കൽ |
| ജൂൺ 21 | ചാന്ദ്രദിനം<br>→ ക്വിസ്<br>→ കുട്ടികൾ വീഡിയോ നിർമ്മിച്ച് പ്രദർശനം |
| ജൂലൈ 27 | ഡോ. എ.പി.ജെ അബ്ദുൾകലാം ഓർമദിനം<br>→ അനുസ്മരണപരിപാടി |
| ജൂലൈ 28 | ലോകപ്രകൃതി സംരക്ഷണദിനം<br>→ സെമിനാർ |
| ആഗസ്ത് 6, 9 | ഹിരോഷിമ നാഗാസാക്കിദിനം<br>→ പോസ്റ്റർ, കൊളാഷ് |
| ആഗസ്ത് 13 | ലോക അവയവദാനദിനം<br>→ സമ്മതപത്രം നൽകൽ |
| സെപ്തംബർ 16 | ഓസോൺ ഡേ<br>→ ചിത്രരചന |
| ഒക്ടോബർ 16 | ലോക ഭക്ഷ്യദിനം<br>→ ഫുഡ് സേഫ്റ്റി ക്ലാസ് |
| നവംബർ 14 | ദേശീയ പ്രമേഹദിനം |
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം<br>→ റാലി |
| മാർച്ച് 21 | ലോക വനദിനം<br>→ ബോധവൽക്കരണ ക്ലാസ് |
| മാർച്ച് 22 | ലോക ജലദിനം<br>പോസ്റ്റർ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ജൂലൈ ആദ്യ ആഴ്ച | ഗണിത അധ്യാപകർ |
| വിവിധ മോഡലുകളുടെ നിർമ്മാണം | | ജൂലൈ രണ്ടാം ആഴ്ച | ഗണിത അധ്യാപകർ |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ കൂട്ടൽ കുറയ്ക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. ക്ലാസിലെ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ, ഗണിത ആശയങ്ങൾ ഉറപ്പിക്കൽ. | ജൂലൈ 9 | ഗണിത അധ്യാപകർ |
| ജോമട്രിയുമായി കുട്ടികൾക്കുള്ള അറിവ് വിലുപീകരിക്കുന്നു. | ജോമട്രിക്കൽ ചാർട്ട് മത്സരം സംഘടിപ്പിക്കുന്നു. | ആഗസ്ത് മാസം | ഗണിത അധ്യാപകർ, കുട്ടികൾ |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളായ ഗുണന പട്ടിക ഉറപ്പിക്കുന്നു. | എല്ലാ ദിവസവും നിരന്തരം ചോദ്യങ്ങളിലൂടെയും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും ഗുണനപ്പട്ടിക ഉറപ്പിക്കുന്നു. | ജൂൺ മുതൽ സെപ്തംബർ വരെ | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| ഗണിതത്തിലെ ഗുണനം ലളിതമാക്കൽ ഗണിതത്തിലെ അടിസ്ഥാന ആശയമായ ഹരണം ലളിതമാക്കൽ. | ചെറിയ സംഖ്യകളിൽ തുടങ്ങി ലളിതമായ രീതിയിൽ ഹരണം പഠിപ്പിക്കുന്നു. ഗ്രൂപ്പുകളായി അധ്യാപികയുടെ സഹായത്തോടെയും ചെയ്യുന്നു. | ഒക്ടോബർ | ഗണിത അധ്യാപകർ |
| ന്യൂനസംഖ്യകളുടെ ആശയങ്ങൾ ഉറപ്പിക്കൽ | ന്യൂനസംഖ്യകളുടെ കൂട്ടലും കുറയ്ക്കലും ഗുണനവും ഹരണവും പഠിപ്പിക്കുന്നു. | നവംബർ മുതൽ ജനുവരി വരെ | ഗണിത അധ്യാപകർ |
| ഗണിതാശയങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പായി എന്ന് തിരിച്ചറിയാനുള്ള ടെസ്റ്റുകൾ | ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വർക്കിംഗ് സ്റ്റിൽ മോഡൽ എന്നിവയുടെ മത്സരം സംഘടിപ്പിക്കുന്നു.<br>വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജനുവരി മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ<br>കുട്ടികളുടെ ലീഡേഴ്സ് |
| **ദിനാചരണങ്ങൾ** | ആര്യഭട്ട ദിനാചരണം<br>ലോക ഗണിത ദിനം<br>രാമാനുജൻ ദിനം<br>പൈതഗോറിയൻ സിദ്ധാന്ത ദിനം | ജൂൺ 26<br>മാർച്ച് 14<br>ഡിസംബർ 22<br>ജൂലൈ 24 | |

**കലാവിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ വിവിധ സർഗാത്മക ശേഷികൾ കണ്ടെത്തൽ | പ്രത്യേക പരിശീലന മുറിയിൽ വെച്ച് കലാശേഷി പ്രകടിപ്പിക്കാനുള്ള അവസരം നൽകി നിരീക്ഷിക്കുന്നു. | ജൂൺ ജൂലൈ | ആർട്ട് ടീച്ചർ |
| മുഴുവൻ കുട്ടികളെയും കലാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക | കലാഭിരുചികൾ സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നു. | എല്ലാ ദിവസവും | ആർട്ട് ടീച്ചർ |
| പ്രത്യേകം പരിശീലനം ലഭിച്ചവരെ വിദ്യാലയത്തിന് പുറത്തേക്കുള്ള പ്രകടനത്തിന് പ്രാപ്തരാക്കുന്നു. | ക്ലബ്ബുകൾ മറ്റു പൊതു ആഘോഷങ്ങൾ തുടങ്ങിയവയിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നു. | എല്ലാ ദിവസവും | ആർട്ട് ടീച്ചർ |
| ശാസ്ത്രീയമായി പരിശീലനം നൽകി കലയുടെ കാണാപ്പുറങ്ങളിലേക്കൊരു അന്വേഷണം | പ്രത്യേക പരിശീലനമുറിയിൽ വച്ച് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകുന്നു. | ജുൺ മുതൽ മാർച്ച് വരെ | ആർട്ട് ടീച്ചർ |
| വിവിധ ശേഷി വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ<br>• പ്രവേശനോത്സവം<br>• പരിസ്ഥിതി ദിനം<br>• ലോക സംഗീതദിനം<br>• കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മ ദിനം<br>• സ്വാതന്ത്ര്യദിനം<br>• ശിശുദിനം | <br><br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂലൈ<br>ആഗസ്ത്<br>നവംബർ | |

**എട്ടാം ക്ലാസ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതിക സൗകര്യ ങ്ങൾ | സാമ്പ ത്തികം | പിന്തുണ |
|---|---|---|---|---|---|
| മുഴുവൻ കുട്ടി കളെയും പഠ നാനുബന്ധ പ്രവർത്തന ങ്ങളുടെ ഭാഗ മാക്കൽ | നോട്ടുബുക്ക് നിർമ്മാണം, എംബ്രോയ്ഡറി, ഉപയോഗിച്ച് ടവൽ നിർമ്മാണം, പച്ചക്ക റിത്തോട്ടം | ജൂൺ, ജൂലൈ & ആഗസ്റ്റ് | നിർമ്മാണ സാമഗ്രികൾ | 1500 | SSG, PTA ക്ലാസ് സഭ |
| | ഫാബ്രിക് പെയിന്റിംഗ്, പേപ്പർ ക്യാരിബാഗ്, ഗ്രീറ്റിം ഗ് കാർഡ് നിർമ്മാണം | സെപ്തംബർ ഒക്ടോബർ, നവംബർ | നിർമ്മാണ സാമഗ്രികൾ | 1000 | |
| | സ്റ്റാർ നിർമ്മാണം , ഓഫീസ് ഫയൽ നിർമ്മാണം | ഡിസംബർ, ജനുവരി, ഫെബ്രുവരി, | നിർമ്മാണ സാമഗ്രികൾ | 1000 | |
| സർഗ്ഗശേഷി വികസനം | നാട്ടറിവ് ദിനം | ആഗസ്റ്റ് 22 | | | |

**ഒമ്പതാം ക്ലാസ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതിക സൗകര്യങ്ങൾ | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| മുഴുവൻ കുട്ടികളെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ | നോട്ടുബുക്ക് നിർമ്മാണം സ്ക്വാഷ് നിർമ്മാണം, എംബ്രോയ്ഡറി സ്റ്റിച്ചസ്, പച്ചക്കറി തോട്ടം | ജൂൺ, ജൂലൈ, ആഗസ്റ്റ് | നിർമ്മാണ സാമഗ്രികൾ | 1000 | SSG, PTA ക്ലാസ് സഭ |
| | വസ്ത്രത്തിൽ ഫാബ്രിക് പെയിന്റിംഗ് ചെയ്യൽ, പേപ്പർ ക്യാരിബാഗ്, ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | സെപ്തംബർ, ഒക്ടോബർ, നവംബർ | നിർമ്മാണ സാമഗ്രികൾ | 1000 | |
| സർഗ്ഗശേഷി വികസനം | സ്റ്റാർ നിർമ്മാണം, ചിരട്ട കൊണ്ടുള്ള അലങ്കാരവസ്തുക്കൾ തുണി ഉപയോഗിച്ച് ചവിട്ടി നിർമ്മാണം | ഡിസംബർ ജനുവരി ഫെബ്രുവരി | നിർമ്മാണ സാമഗ്രികൾ | 1000 | |

# <u>ആരോഗ്യം കായികം വിദ്യാഭ്യാസം</u>

**കായികം**

<u>ലക്ഷ്യങ്ങൾ</u>

- കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ
- ആരോഗ്യം സംരക്ഷിക്കൽ
- സ്വഭാവ രൂപീകരണം
- യൂണിറ്റി
- ഏകാഗ്രത വർദ്ധിപ്പിക്കൽ
- പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കൽ

<u>പ്രവർത്തനങ്ങൾ</u>

- സ്കൂൾ അസംബ്ലി ശക്തിപ്പെടുത്തുക
- രാവിലെയും വൈകുന്നേരവും കായിക മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം (ഗെയിംസ്, അത്ലറ്റിക്സ്)
- യോഗ, കരാട്ടെ, സൂമ്പ, ചെസ്സ് കോർണർ എന്നിവയിൽ പരിശീലനം

<u>ചുമതല</u> –കായികാദ്ധ്യാപകൻ

**ആരോഗ്യം**

<u>ലക്ഷ്യം</u>

- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.

<u>പ്രവർത്തനങ്ങൾ</u>

- ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് കുട്ടികൾക്കും പൊതുജനത്തിനും
- എല്ലാ മാസവും ഹെൽത്ത് കൗൺസിലിംഗ്
- പകർച്ചവ്യാധികൾ തടയാൻ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കൽ
- എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് /ഫസ്റ്റ് എയ്ഡ് റൂം ഉപയോഗം

<u>ചുമതല</u>

- ഹെൽത്ത് ക്ലബ്ബ്
- ലഹരി ഉപയോഗം തടയൽ പ്രവർത്തനങ്ങൾ, മത്സരങ്ങൾ, ബോധവൽക്കരണ ക്ലാസ്

## വ്യക്തിത്വ വികസനം മാനസികാരോഗ്യം

<u>ലക്ഷ്യം</u>

- കുട്ടികളിലും, രക്ഷിതാക്കളിലും പൊതുസമൂഹത്തിലും ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

<u>പ്രവർത്തനങ്ങൾ</u>

- സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ഒരു കൗൺസിലറുടെ സേവനം ഉപയോഗപ്പെടുത്തുക.
- കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുക.
- പരിഹരിക്കുന്നതിന് വ്യക്തിഗത കൗൺസിലിങ്ങും, ഗ്രൂപ്പ് കൗൺസിലിങ്ങും
- രക്ഷിതാക്കൾക്ക് കൗൺസിലിംഗ്
- വ്യക്തിത്വ വികസന ക്ലാസ്സുകൾ, ആത്മവിശ്വാസം വളർത്തുക, കഴിവുകളിൽ സ്വയം ബോധ്യം.
- ജീവിത നൈപുണി ക്ലാസ്സുകൾ

<u>ചുമതല</u>

<u>ഹെൽത്ത് ക്ലബ്ബ്</u>

## <u>സാമൂഹ്യ സേവനം</u>

<u>ലക്ഷ്യം</u>

- സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
- സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ സഹായിക്കേണ്ടതാണെന്ന ബോധ്യം വളർത്തുക
- സമൂഹത്തിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുക.
- നാം സമൂഹത്തിന്റെ ഭാഗമാണ് എന്ന തിരിച്ചറിവ് വളർത്തുക.

<u>പ്രവർത്തനങ്ങൾ</u>

- തങ്ങളുടെ സ്വന്തം ചിലവിനായി ലഭിക്കുന്ന തുകയിൽ നിന്ന് മിച്ചം പിടിച്ച് ഒരു ചെറിയ തുക എല്ലാ ദിവസവും ശേഖരിക്കുക.
- ലഭിക്കുന്ന തുക ഉപയോഗിച്ച് ഏറ്റവും അവശത അനുഭവിക്കുന്നവരെ സഹായിക്കുക.
- സ്കൂളിന്റെ പരിസര പ്രദേശത്തുള്ള പൊതുസ്ഥലം വൃത്തിയാക്കുക.
- അവശത അനുഭവിക്കുന്ന ആളുകൾ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുക.
- അവശത അനുഭവിക്കുന്നവർക്ക് ഭക്ഷണമെത്തിക്കുക.

# വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം

## പരിസ്ഥിതി ക്ലബ്ബ്

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ 5 ലോക പരിസ്ഥിതി ദിനം | പരിസ്ഥിതി പോസ്റ്റർ രചന, മത്സരം മരങ്ങൾ വെച്ച് പിടിപ്പിക്കൽ |
| ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനം | പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പറ്റി ബോധവൽക്കരണം |
| ആഗസ്റ്റ് 22 ലോക നാട്ടറിവ് ദിനം | നാട്ടറിവ് - പഴയകാല ജീവിതശൈലിയും ഇന്നത്തെ രീതികളും തമ്മിൽ ഒരു താരതമ്യം |
| സെപ്തംബർ 18 അന്താരാഷ്ട്ര മുള ദിനം | മുളകൾ വെച്ചുപിടിപ്പിക്കുകയും മണ്ണ് സംരക്ഷണത്തിൽ മുളകളുടെ പ്രധാന്യം |
| ഒക്ടോബർ 17 ലോക ആയുർവേദ ദിനം | ഒറ്റമൂലി ചികിത്സയുടെ പ്രാധാന്യം ‘‘ഒരു വിശ്വാസം മാത്രമോ’’ - ചർച്ച |
| നവംബർ 12 ദേശീയ പക്ഷി നിരീക്ഷണ ദിനം | പ്രാദേശികവും അല്ലാത്തതുമായ പക്ഷികളുടെ പേര് പരിചയപ്പെടൽ |
| ഡിസംബർ 3 മലിനീകരണ നിയന്ത്രണ ദിനം | പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം പ്രകൃതിയിലുണ്ടാക്കുന്ന പ്രശ്നങ്ങൽ എന്ന വിഷയത്തെ കുറിച്ച് ചർച്ച |
| ജനുവരി 25 ദേശീയ വിനോദസഞ്ചാരം | പ്രകൃതി രമണീയമായ സ്ഥലങ്ങളെ പറ്റിയുള്ള അന്വേഷണം |
| ഫെബ്രുവരി 2 ലോക തണ്ണീർ തട ദിനം | തണ്ണീർ തടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യത്തെപ്പറ്റി ചർച്ച |
| മാർച്ച് 3 ലോക വന്യജീവി ദിനം | വന്യജീവികൾ നേരിടുന്ന ആവാസവ്യവസ്ഥയിലെ പ്രശ്നങ്ങളെപ്പറ്റി ഒരവലോകനം |

## <u>വിമുക്തി ക്ലബ്ബ്</u>

വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിൽ നിന്നും സമൂഹത്തിലുള്ളവരെ പിന്തിരിപ്പിക്കാൻ വേണ്ടി ഗവൺമെന്റ് കൊണ്ടുവന്ന മിഷനാണ് വിമുക്തി മിഷൻ. സംസ്ഥാന വ്യാപകമായി വിമുക്തി മിഷന്റെ പ്രോഗ്രാം നടന്നു വരുന്നു. പ്രധാനമായും സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിമുക്ത ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളെ ലഹരി ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ വേണ്ടി, അതിനോടുള്ള താൽപര്യത്തിൽ അവർ അകപ്പെട്ട് പോകാതിരിക്കാൻ വേണ്ടി വിമുക്തി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടന്നുവരുന്നുണ്ട്.

**പ്രവർത്തനങ്ങൾ**

- ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ
- ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം
- റീൽസ് നിർമ്മാണം

## <u>ശുചിത്വ ക്ലബ്ബ്</u>

- സ്കൂളിനകവും പരിസരവും ജൈവമോ അജൈവമോ ആയ മാലിന്യങ്ങൾ ഉണ്ടെങ്കിൽ അവ ഉചിതമായ ശാസ്ത്രീയ സംസ്ക്കരണ മാർഗത്തിലൂടെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾ
- റെഡ് ക്രോസ് എന്ന സംഘടനയുടെയും വാളണ്ടിയേഴ്സിന്റെ മേൽനോട്ടത്തിൽ പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.
- പകർച്ച വ്യാധിയും പരിസര ശുചിത്വവും എന്ന ബോധവൽക്കരണ ക്ലാസ്, ഉപന്യാസ രചനാമത്സരം സംഘടിപ്പിക്കുന്നു.
- മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്.

**ഐ.ടി. ക്ലബ്ബ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| IT ഉപകരണങ്ങളുടെ പരിപാലനം : ക്ലാസ് IT ഉപകരണങ്ങളുടെയും LAB IT ഉപകരണങ്ങളുടെയും സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക | ക്ലാസ്സ് തലത്തിൽ രണ്ട് കുട്ടികൾക്ക് വീതം ഓരോ മാസവും മാറി മാറി IT ഉപകരണങ്ങളുടെ പരിപാലനത്തിനുള്ള ചുമതല നൽകുന്നു. | ജൂൺ - മാർച്ച് | S I T C , Little Kites Masters, Mistress |
| ഉപജില്ലാ IT മേളക്ക് ഉള്ള കുട്ടികളെ തിരഞ്ഞെടുക്കൽ, പരിശീലനം നൽകൽ | ഓരോ ആഴ്ചയിലും വെള്ളിയാഴ്ച ഉച്ചയ്ക്ക് 1 മണി മുതൽ 2 മണിവരെ<br>10 വീതം കുട്ടികൾക്ക് IT ലാബിലെ ഉപകരണങ്ങളുടെ പരിപാലനത്തിനുള്ള ചുമതല നൽകുന്നു. | ജൂലൈ - സെപ്തംബർ | S I T C , Little Kites Masters, Mistress<br><br>Little Kites Masters, Mistress |

**ലിറ്റിൽ കൈറ്റ്സ്**

Documentation - June 2025 - March 2026

കമ്പ്യൂട്ടർ ഉപകരണങ്ങളുടെ സംരക്ഷണം

ആനിമേഷൻ - റോബോട്ടിക്സ് പരിശീലനം

ഡിജിറ്റൽ മാഗസിൻ നിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം

കമ്പ്യൂട്ടർ പരിശീലനം

സൈബർ ബോധവൽക്കരണം

വാർത്താ പത്രിക നിർമ്മാണം, പോസ്റ്റർ നിർമ്മാണം

ഷോർട്ട് ഫിലിം നിർമ്മാണം - ലഹരി വിരുദ്ധ സന്ദേശം

പരീക്ഷ റിമൈൻഡർ പോസ്റ്റർ നിർമ്മാണം

# സന്നദ്ധ സംഘടനകളുടെ പ്രവർത്തനം

## Institutional Training Planning 2023-24
## 31(K) BN NCC Kannur

| Sl No | Programme Name | Date | Programme Type |
|---|---|---|---|
| 1. | Environment Day | 05/06/23 | Tree plantation, cycle rally- to creative awareness about carborn emission |
| 2 | National Reading Day | 19/06/23 | Conduct Essay. Reading Quiz Competitions |
| 3 | International Yoga Day | 21/06/23 | Sevan day yoga training and finally display for all student's |
| 4 | Anti Drug Day | 01/07/23 | Flash mob, Role play, Awareness calls in 26.06.23 Co-operation with excise department |
| 5 | Vana Mahotsav | 06/08/23 | Forest cleaning journey to forest (Kolappa water falls) in Co-operation with Forest Department |
| 6 | Hiroshima Nagasakki | 06/08/23 | Anti war rally |
| 7 | Independence Day | 15/08/23 | Flat hosting, statue cleaning, Quiz Competitions |
| 8 | A T C | | Prepare the cadets for A T C |
| 9 | Onam Celebration | | Visit old age home at Alachery. Supply food and conduct culture programmes. |
| 10 | Gandhi Jayanthi | 02/10/23 | Swachh Bharat Abhiyan, Quiz Competition |
| 11 | NCC Day | | Conduct one day Camp. PT. Motivation class. Goal setting work shop. Cultural Programmes |

| | | | |
|---|---|---|---|
| 12 | COC'S | | Motivated the cadets for COC's select cadets EBSB, trucking etc. |
| 13 | RDC | | Motivates and conducted activities for RDC |
| 14 | Aids Day | 01/12/23 | Conduct awareness programme in Co-operation with health department |
| 15 | Republic Day | 26/01/24 | Conduct institutional legal republic day parade |
| 16 | World Health Day | | Train the cades to conduct health classes tribal area with the help of health center |
| 17 | Seminar | | Conduct seminar on Agniveer |
| 18 | Awareness class | | Road safety, anti drug, cyber security – in Co-operation with different departments. |

## സ്കൗട്ട് ആന്റ് ഗൈഡ്സ്

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ 5 പരിസ്ഥിതി ദിനം | വൃക്ഷ തൈ നടൽ, ബോധവൽക്കരണ ക്ലാസ് |
| ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം | റാലി, ലഹരിവിരുദ്ധ പ്രതിജ്ഞ, ബോധവൽക്കരണം, ബാഡ്ജ് നിർമാണം, പോസ്റ്റർ രചന മത്സരം |
| ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനം | ബോധവൽക്കരണം, പോസ്റ്റർ നിർമാണം |
| ആഗസ്റ്റ് 6 ഹിരോഷിമ ദിനം | യുദ്ധ വിരുദ്ധ പ്രതിജ്ഞ |
| ആഗസ്ത് 15 സ്വാതന്ത്ര്യ ദിനം | ക്വിസ്, റാലി |
| ഒക്ടോബർ 2 ഗാന്ധി ജയന്തി | സ്കൂൾ പരിസരം വൃത്തിയാക്കൽ |
| നവംബർ 7 സ്കൗട്ട് ആന്റ് ഗൈഡ്സ് സ്ഥാപക ദിനം | ക്വിസ് - സ്കൗട്ട് സ്ഥാപക ചരിത്രം അവതരിപ്പിക്കൽ |

**റെഡ് ക്രോസ്സ് പ്രവർത്തനങ്ങൾ**

| | |
|---|---|
| ജൂൺ 14 അന്തർദേശീയ രക്തദാനദിനം | രക്തദാനത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് |
| ജൂലൈ 1 ഡോക്ടേർസ് ദിനം | പ്രാഥമിക ചികിത്സയിൽ പരിശീലനം |
| ആഗസ്ത് 15 സ്വാതന്ത്ര്യ ദിനം | റെഡ് ക്രോസ്സ് കുട്ടികളുടെ പരേഡ്, ദേശഭക്തി ഗാനാലാപം |
| സെപ്തംബർ 21 ലോക സമാധാന ദിനം | യുദ്ധവിരുദ്ധ പോസ്റ്റർ രചന മത്സരം |
| ഒക്ടോബർ 5 അന്താരാഷ്ട്ര അധ്യാപന ദിനം | അധ്യാപകരെ ആദരിക്കൽ |
| നവംബർ 7 അർബുദ ബോധവൽക്കരണ ദിനം | അർബുദ കാരണമായ പുകയില ഉപയോഗത്തിനെതിരെ ബോധവൽക്കരണം |
| ഡിസംബർ 1 ലോക എയ്ഡ്സ് ദിനം | എയ്ഡ്സ് ബോധവൽക്കരണം |
| ജനുവരി 26 റിപ്പബ്ലിക് ദിനം | റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്നു |
| ഫെബ്രുവരി 4 ലോക അർബുദ ദിനം | അർബുദ രോഗത്തിന്റെ കാരണവും പരിഹാര മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ചർച്ച |
| മാർച്ച 4 ദേശീയ സുരക്ഷാദിനം | രാജ്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ സെമിനാർ |

# ജനകീയ സമിതികൾ

## ജനജാഗ്രതാ സമിതി

ജനജാഗ്രത സമിതി വിദ്യാലയങ്ങളിൽ കുട്ടികളുടെ സുരക്ഷയും ഹിത സംരക്ഷണവുമാണ് ലക്ഷ്യമിടുന്നത്.

**പ്രവർത്തനങ്ങൾ**

1. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കൽ.
   - സ്കൂളിൽ ശാരീരികവും മാനസികവുമായ ചൂഷണങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കൽ
2. ബോധവൽക്കരണ പരിപാടികൾ
   - കുട്ടികളുടെ അവകാശങ്ങൾ
   - സൈബർ സുരക്ഷ
   - ലൈംഗിക വിദ്യാഭ്യാസം
   - പോസ്റ്റർ ക്യാമ്പയിനുകൾ, സെമിനാറുകൾ, ശില്പശാലകൾ
3. ഇടപെടൽ സംവിധാനം
   - കുട്ടികളുടെ പരാതികൾ അന്വേഷിക്കുകയും പരിഹരിക്കുകയും ചെയ്യുക

4 സ്കൂൾ അന്തരീക്ഷം സുരക്ഷിതമാക്കൽ
   - പെൺകുട്ടികൾക്കും ഭിന്നശേഷിയുള്ള കുട്ടികൾക്കും പ്രത്യേക ശ്രദ്ധ
   - സ്കൂൾ കാമ്പസിന്റെ സുരക്ഷാ പരിശോധന.

## സ്കൂൾ സുരക്ഷാ സമിതി

നമ്മുടെ രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളായ പൗരന്മാരെ രൂപപ്പെടുത്തി എടുക്കുന്നതിൽ സ്കൂളുകളുടെ പങ്ക് നിർണായകമാണ്. അതുകൊണ്ട് തന്നെ സുരക്ഷിതമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഏതൊരു ദുരന്തത്തിൽ നിന്നും കുട്ടികളുടെയും അധ്യാപകരുടെയും, മറ്റ് ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

**സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയ ആസൂത്രണങ്ങൾ**

- സുരക്ഷ മുന്നറിയിപ്പ് സംവിധാനങ്ങൾ
- ആശയവിനിമയം
- അടിയന്തിര രക്ഷാമാർഗങ്ങൾ, രക്ഷാവാഹനങ്ങൾ
- പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളുടെ സുരക്ഷ

പ്രവർത്തനങ്ങൾ

- പരിശീലന പരിപാടികളുടെ രൂപരേഖ – അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
- മോക്ക് ഡ്രിൽ അവബോധ പരിശീലനം
- അടിയന്തര ഘട്ടങ്ങളിൽ ആവശ്യമുള്ള സാധനങ്ങളുടെയും ഉപകരണങ്ങളുടെയും സുരക്ഷ പരിശോധിക്കുക.
- അഗ്നിശമന ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷ കിറ്റുകൾ, കയറുകൾ തുടങ്ങിയവ സ്കൂളിൽ കരുതുകയും അവ പ്രവർത്തനസജ്ജം ആണെന്ന് ഉറപ്പ് വരുത്തുക.

**പരാതി പരിഹാര സെൽ**

നമ്മുടെ വിദ്യാലയത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി രൂപീകരിച്ചതാണ് പരാതി പരിഹാരസെൽ. കുട്ടികളുടെ പരാതികൾ സ്വീകരിക്കുന്നതായി പരാതിപ്പെട്ടി സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികളെ സഹായിക്കാനുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

## ഉപസംഹാരം

പൊതുവിദ്യാലയങ്ങളിൽ ഭൗതികപരവും അക്കാദമിക പരവുമായ മികവുകൾ സൃഷ്ടിക്കാനുള്ള പദ്ധതികളുമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനപാതയിലാണ്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഉതകുന്ന തരത്തിലാണ് ഈ സമഗ്ര വികസനരേഖ തയ്യാറായിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടത്തി നമ്മുടെ വിദ്യാലയത്തെ മികച്ച പഠന കേന്ദ്രമാക്കി മാറ്റാൻ സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**അനുബന്ധം**

**അദ്ധ്യാപകരുടെ വിവരങ്ങൾ**

ബിനു ജോർജ് - ഹെഡ് മാസ്റ്റർ

പി.ടി.എ. പ്രസിഡണ്ട്

മദർ പി.ടി.എ

**മലയാളം**

- നൈസിൽ തോമസ്
- പ്രേമ.കെ. - വിദ്യാരംഗം
- നമിത.കെ.കെ. - ലിറ്റിൽ കൈറ്റ്സ്
- ശ്രീതു.ഇ.എം

**ഇംഗ്ലീഷ്**

- ജിഷ ഗോവിന്ദ് - ക്ലബ്ബ് കൺവീനർ
- ഷെറിൻ സി തമ്പി
- സി.റിൻസി.എം.വി.

**ഹിന്ദി**

- സീബ.കെ. മൈക്കിൾ
- ബിജു.കെ.എൽ - ക്ലബ്ബ് കൺവീനർ, സ്കൗട്ട് ഇൻ ചാർജ്

**സോഷ്യൽ**

- നിഷ.വി. - എസ്.ആർ.ജി കൺവീനർ
- ജോമറ്റ്.എം.ജെ. - ക്ലബ്ബ് കൺവീനർ
- റ്റെജി. വി.ജെ. - ലൈബ്രറി ഇൻ ചാർജ്

**സയൻസ്**

- റോയ് ചാക്കോ -
- മിഥുൻ.പി. - എൻ.സി.സി
- അരുണിമ അന്ന ജോയി

- റീന.പി. – ക്ലബ്ബ് കൺവീനർ, ഫോറസ്റ്റ് ക്ലബ്ബ്
- മിഷാൽ ഗോൺസാൽവസ്

**മാത്സ്**

- ജീന ജോർജ്
- സന്ധ്യ കെ.ജി. – ലിറ്റിൽ കൈറ്റ്സ്
- സോണി തോമസ് – ക്ലബ്ബ് കൺവീനർ
- ഡോണി.സി.സി. – ഗൈഡ്സ് ഇൻ ചാർജ്

**കല, കായികം, പ്രവൃത്തി പരിചയം**

- വിൽസൺ.കെ.ജെ – വിമുക്തി ക്ലബ്ബ്, സ്കൂൾ സുരക്ഷാസമിതി, ജനജാഗ്രതാ സമിതി, ഗ്രീൻ ഗാർഡ്സ്
- ജയൻ.വി.ജെ – ജെ.ആർ.സി., ശുചിത്വ ക്ലബ്ബ്
- ടിനി. വി.ജെ

**ഓഫീസ് സ്റ്റാഫ്**

- പോൾ ബോബൻ
- മിനിക്കുട്ടി കോക്കണ്ടണിൽ
- ലെറ്റിഷ

***********